# ദൈവ ജനത്തിന്റെ കടമകൾ

## ആവർത്തനം 10:12-13

"ആകയാൽ യിസ്രായേലേ, നിന്റെ ദൈവമായ യഹോവയെ ഭയപ്പെടുകയും അവന്റെ എല്ലാവഴികളിലും നടക്കയും അവനെ സ്നേഹിക്കയും നിന്റെ ദൈവമായ യഹോവയെ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും കൂടെ സേവിക്കയും ഞാൻ ഇന്നു നിന്നോടു ആജ്ഞാപിക്കുന്ന യഹോവയുടെ ചട്ടങ്ങളും കൽപനകളും നിന്റെ നന്മെക്കായി പ്രമാണിക്കയും വേണം എന്നല്ലാതെ നിന്റെ ദൈവമായ യഹോവ നിന്നോടു ചോദിക്കുന്നതു എന്തു?"

യിസ്രായേൽ മക്കൾക്ക്, തന്റെ വീണ്ടെടുക്കപ്പെട്ട ജനത്തിനു കൊടുക്കാനായി മോശെയുടെ കൈവശം ദൈവം 2 കൽപ്പലകകളിൽ 10 കൽപ്പനകളെ എഴുതി കൊടുത്തയക്കുന്നു. എന്നാൽ മോശെ പർവ്വതത്തിൽ നിന്നിറങ്ങി വരുമ്പോൾ കാണുന്ന കാഴ്ച അവനെ കുപിതനാക്കുകയും ആ കൽപ്പലകകൾ രണ്ടും തച്ചുടച്ചു കളയുകയും ചെയ്തു. എന്നാൽ ദൈവം കരുണയുള്ളവനും, തന്റെ ജനത്തോട് ദയാലുവുമായിരുന്നതുകൊണ്ട് വീണ്ടും മോശെയോട് 2 കൽപ്പലകകൾ കൊണ്ട് വരാൻ ആവശ്യപ്പെടുന്നു. അങ്ങിനെ മോശെ തന്റെ ജനത്തിന്റെയടുത്ത് ദൈവത്തിന്റെ കൽപ്പനകളുമായി വന്നു നിന്ന് ചോദിക്കുന്ന ചോദ്യമാണിത്. ഒരു തരത്തിൽ പറഞ്ഞാൽ ദൈവ ജനം തങ്ങളുടെ ജീവിതത്തിൽ പ്രാവർത്തികമാക്കേണ്ട കടമകൾ എന്നു വേണമെങ്കിൽ നമുക്കിതിനെ വിശേഷിപ്പിക്കാം.

5 കാര്യങ്ങളാണിവിടെ വ്യാഖ്യാനിക്കുന്നത്. ദൈവഭയം, അവന്റെ എല്ലാ വഴികളിലും നടക്കുക, അവനെ സ്നേഹിക്കുക, അവനെ പൂർണ്ണ ഹൃദയത്തോടും, പൂർണ്ണ ആത്മാവോടും, പൂർണ്ണ ശക്തിയോടും കൂടി സേവിക്കുക എല്ലാത്തിലുമുപരിയായി അവനെ അനുസരിക്കുക ഇവയാണത്. ഒടുവിൽ പറയുന്നു ഇതല്ലാതെ വേറെ എന്താണ് അവൻ നിന്നോട് ചോദിക്കുന്നത് എന്ന്. ഒന്നാലോചിച്ചാൽ ഈ ദൈവം എന്തു കൃപാലുവായ ദൈവമാണ്. കാരണം താൻ മിസ്രയേമിൽ നിന്നു വിടുവിച്ച തന്റെ ജനം ഒരവസരത്തിൽ തന്നെ തള്ളി മറ്റൊരു ദൈവത്തെ ഉണ്ടാക്കി ആരാധിക്കാൻ തുടങ്ങിയപ്പോൾ വേണമെങ്കിൽ അവരെ വഴിയിൽ ഉപേക്ഷിച്ച് ദൈവത്തിനു പിന്മാറാമായിരുന്നു. എന്നാൽ അവരുടെ പൂർവ്വികർക്കു കൊടുത്ത വാഗ്ദത്തം നിറവേറ്റാൻ അവരോട് മനസ്സലിവും, ദയയും, കൃപയും കാണിച്ച ദൈവം വീണ്ടും അവരെ ലക്ഷ്യത്തിലേക്ക് കൈ പിടിച്ചു നടത്തുന്നതായി നമുക്ക് കാണാം.

നാം ചിന്തിച്ചു നോക്കിയാൽ ഈ ഗതി തന്നെയാണ് ഇന്നു നമ്മുടെ ജീവിതങ്ങളിലും പ്രതിഫലിക്കുന്നത്. തന്റെ സ്വന്തപുത്രനെ യാഗം നൽകുകവഴി നമ്മുടെ സകല പാപങ്ങളേയും മോചിച്ച് നമ്മെ അവന്റെ പുണ്യരക്തത്താൽ കഴുകി വിശുദ്ധീകരിച്ച് വീണ്ടെടുത്ത് മക്കളെന്നുള്ള പദവി നൽകി അവന്റെ സഭയിൽ അംഗമാക്കി വെച്ചിരിക്കുമ്പോൾ നാം ഈ അനുഭവിക്കുന്നത്, അവന്റെ കരുണയും, മഹാ ദയയും, കൃപയും, സ്നേഹവും ഒക്കെയാണ്. എന്നാൽ നാം തിരിച്ചു നമ്മുടെ കടമകൾ നിറവേറ്റാൻ മറന്നു പോകുന്നവരല്ലേ എന്നു സ്വയം ശോധന ചെയ്യുക. മുകളിൽ വിവരിച്ച കടമകൾ നമ്മുടെ ജീവിതത്തിൽ യഥാക്രമം പാലിക്കുന്നവരാണോ നമ്മൾ എന്നു സ്വയം ചിന്തിക്കുക. വെളിപ്പാടു 3:20 ൽ ഇപ്രകാരം പറയുന്നു "ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്നു അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും." ഇന്നു കർത്താവ് നമ്മുടെ പടിവാതിൽക്കൽ നിന്നു മുട്ടുകയാണ്. എന്നാൽ നാം അവന്റെ സ്വരം കേട്ടിട്ടും നമ്മുടെ ഹൃദയ വാതിലുകൾ തുറക്കാതെ ദൈവസ്വരം നിഷേധിക്കുന്നവരായി മാറുകയാണോ?.

പ്രിയ ദൈവ ജനമേ ഇന്നു നമുക്ക് ലഭിച്ചിരിക്കുന്ന അവസരം പാഴാക്കരുത്. ഇനി അവസരങ്ങൾ ലഭിക്കുമെന്നു കരുതി വിശ്രമിക്കുകയുമരുത്. കാരണം അവന്റെ സന്നിധിയിൽ കണക്കു ബോധിപ്പിക്കുമ്പോൾ നീ അതു ചെയ്തു ഇതു ചെയ്തു എന്നൊക്കെ പറയുമ്പോൾ നിന്നെ ഞാൻ അറിയുന്നില്ല എന്നൊരു സ്വരം നീ കേൾക്കാൻ ഇടയായാൽ അതോടുകൂടി എല്ലാം തീരും. നീ നിത്യമായ നരകത്തിന്നവകാശിയായി മാറ്റപ്പെടും. ആയതിനാൽ ഇന്നു തന്നെ നീ നിന്റെ വഴികളെ ശോധന ചെയ്യുക. കർത്താവിന്റെ കൽപ്പനകളെ പ്രമാണിക്കുന്നതിൽ അല്ലെങ്കിൽ അവനോടുള്ള എന്റെ കടമകൾ നിറവേറ്റുന്നതിൽ ഞാൻ എന്തെങ്കിലും വീഴ്ച വരുത്തിയിട്ടുണ്ടോ എന്നു പരിശോധിക്കുക. ഉണ്ടെങ്കിൽ അതു അവനോട് ഏറ്റു പറഞ്ഞു മാപ്പപേക്ഷിക്കുക. എന്നിട്ട് അവനെ ഭയപ്പെട്ട്, അവന്റെ പാതകളിൽ അവനോടൊപ്പം നടന്ന്, അവനെ സ്നേഹിച്ച്, അവനെ സേവിച്ച്, അവനോട് അനുസരണമുള്ള നല്ല ദൈവപൈതലായി നമുക്ക് മാറാം. അതിനു ദൈവത്തിന്റെ അതിപരിശുദ്ധറൂഹാ നമ്മെ സഹായിക്കുമാറാകട്ടെ.

പരാമർശം :

ആവർത്തനം 10:16

"ആകയാൽ നിങ്ങൾ നിങ്ങളുടെ ഹൃദയത്തിന്റെ അഗ്രചർമ്മം പരിച്ഛേദന ചെയ്‌വിൻ; ഇനിമേൽ ദുശ്ശാഠ്യമുള്ളവരാകരുതു."

ബ്രദർ ബിനു ബേബി ആലപ്പുഴ 053